പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2696

21.6.2012-ൽ
മറുപടിക്ക്

# പൊന്നാനി മണ്ഡലത്തിൽ അനധികൃത മണൽ വാരലിനെതിരെ നടപടി

ചോദ്യം
ശ്രീ.പി.ശ്രീരാമകൃഷ്ണൻ :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പൊന്നാനി മണ്ഡലത്തിൽ കപ്പൽ ചാനലിലെ മണൽ നീക്കുന്നതിന്റെ മറവിൽ അനധികൃതമായി മണൽവാരി വിൽക്കുന്നതിന് അധികൃതർ വിവിധ സൊസൈറ്റികൾക്ക് അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പുഴയിൽ രൂപപ്പെട്ടിട്ടുള്ള കുണ്ടുകളും കാടുകളും നീക്കം ചെയ്യാതെ അനധികൃതമായി ഭാരതപ്പുഴയിൽ നിന്നും മണൽവാരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) അംഗീകൃത കടവുകളുടെ മറവിൽ ഉപ്പുമണൽ വ്യാപകമായി കടത്തികൊണ്ട് പോകുന്നതിനെതിരെ നടപടി സ്വീകരിക്കുമോ ; | (സി) റവന്യൂ - പോലീസ് സംയുക്ത സ്ക്വാഡ് ഇക്കാര്യത്തിൽ സാദ്ധ്യമായ ഇടപെടലുകൾ നടത്തി നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) ഉപ്പുമണൽ കഴുകുന്ന നിരവധി കേന്ദ്രങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; | (ഡി) പോലീസ് - ഭൂജല വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) അതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഇ) അനധികൃത മണൽ കടത്ത് പോലീസ് പിക്കറ്റ് വെച്ച് പരിശോധന നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ